**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 323** **23-07-2021 - ൽ മറുപടിയ്ക്ക്**

**കാസർകോട് ജില്ലയിലെ പട്ടികജാതി പട്ടികവർഗ്ഗ കോളനികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | കാസർകോട് ജില്ലയിൽ എത്ര പട്ടികജാതി/ പട്ടികവർഗ്ഗ കോളനികൾ നിലവിലുണ്ടെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ; | (എ) | പട്ടികജാതി വികസന വകുപ്പ് മഞ്ചേശ്വരം നിയമസഭാമണ്ഡലം-148 കാസറഗോഡ് നിയമസഭാമണ്ഡലം - 177 കാഞ്ഞങ്ങാട് നിയമസഭാമണ്ഡലം - 31 ഉദുമ നിയമസഭാമണ്ഡലം - 105 തൃക്കരിപ്പൂർ നിയമസഭാമണ്ഡലം - 79 ആകെ - 540 |
| (ബി) | പ്രസ്തുത കോളനികളിൽ ഓരോന്നിലും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി കഴിഞ്ഞ പത്ത് വർഷക്കാലം അനുവദിച്ച പദ്ധതികൾ ഏതാണെന്നും തുക എത്രയാണെന്നും വ്യക്തമാക്കാമോ; | (ബി) | പട്ടികജാതി കോളനികളിലെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന് നിലവിലുള്ള പദ്ധതികളായ ഗാന്ധിഗ്രാമം പദ്ധതി, സ്വയംപര്യാപ്ത ഗ്രാമം പദ്ധതി, അംബേദ്കർ ഗ്രാമ വികസന പദ്ധതി, കോർപ്പസ് ഫണ്ട് എന്നീ പദ്ധതികൾക്ക് അനുവദിച്ച തുക അനുബന്ധ(1)മായി ചേർക്കുന്നു. |
| (സി) | അപ്രകാരം അനുവദിച്ച തുക മുഴുവൻ വിനിയോഗിച്ചിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കാമോ; | (സി) | ഗാന്ധിഗ്രാമം പദ്ധതിയ്ക്ക് അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിച്ചു. അംബേദ്കർ ഗ്രാമ പദ്ധതിയിലെ 4 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി വരുന്ന 6 പ്രവർത്തികൾ നടന്നുവരുന്നു. നവോദയ നഗറിന്റെ പ്രവൃത്തികൾ ഈ മാസംതന്നെ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | ഏതെല്ലാം കോളനികളിൽ ഏതെല്ലാം പ്രവൃത്തികളാണ് അനുവദിച്ച പദ്ധതികൾ പ്രകാരം ബാക്കിയുള്ളതെന്ന് വ്യക്തമാക്കാമോ; | (ഡി) | അനുബന്ധ(2)മായി ചേർത്തിരിക്കുന്നു. |
| (ഇ) | അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ ഇനിയും ചെയ്തുതീർക്കേണ്ട പ്രവൃത്തികൾ ഏതൊക്കെയാണെന്ന് കോളനികൾ തിരിച്ച് വ്യക്തമാക്കാമോ; പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക ക്ഷേമ വകുപ്പിന്റെ ഏതെല്ലാം ഫണ്ടുകൾ ഉപയോഗിച്ച് പ്രസ്തുത പ്രവൃത്തികൾ ചെയ്യാൻ കഴിയുമെന്ന് വിശദമാക്കാമോ? | (ഇ) | അനുബന്ധ(2)മായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ